**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനും അനുബന്ധ സ്ഥാപനങ്ങളും കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ അവയുടെ ലാഭ നഷ്ടകണക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും അനുബന്ധ കമ്പനികളുടെയും കഴിഞ്ഞ 5 വർഷത്തെ ലാഭനഷ്ടകണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്നാണ്; കുടിശ്ശികയുൾപ്പെടെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ? | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെയും അനുബന്ധ കമ്പനികളിലെയും ജീവനക്കാർക്ക് 2012 - 17 കാലയള-വിലെ ശമ്പളപരിഷ്കരണം നടപ്പിലാ-ക്കിയത് 2017 ലാണ്. കെൽട്രോണിലെയും അനുബന്ധ കമ്പനികളിലെയും വർക്ക്മെൻ കാറ്റഗറിയിലെ ജീവനക്കാർക്ക് 2017-22 കാലയളവിലെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ 08.02.2021 ൽ സർക്കാർ കെൽട്രോണിന് നൽകി-യിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനി തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മാനേജീരിയൽ കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവന - വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിനനുസൃതമായി നടപ്പിലാക്കാവുന്നതാണ് എന്ന വിവരം കെൽട്രോൺ അധികൃതരെ അറിയിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമാണ് ശമ്പള കുടിശ്ശിക പോലുള്ള കാര്യങ്ങളിൽ അന്തിമതീരുമാനമെടുക്കാനാകുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl.No. | Year | Net Profit (Amount in Lakhs) | | |
|---|---|---|---|---|
| | | KSEDC | KCCL | KECL |
| 1. | 2016-2017 | (1118) (നഷ്ടം) | (641) (നഷ്ടം) | 8.89 |
| 2. | 2017-2018 | 565 | 52 | 14.20 |
| 3. | 2018-2019 | 853 | 192 | (128.91) (നഷ്ടം) |
| 4. | 2019-2020 | 146 | 279 | (62.16) (നഷ്ടം) |
| 5. | 2020-2021 | 829 | 138 | 120.28 |

Divya M V

സെക്ഷൻ ഓഫീസർ